## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 785 28.09.2011 ൽ മറുപടിക്ക്

## നെന്മാറ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പു മന്ത്രി |
| (എ) നെന്മാറ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വേനൽ കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ; | (ബി) | കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള ഫിൽട്ടർ ബെഡിലെ മണൽ മാററി പുതിയത് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഏർപ്പാട് ചെയ്ത് പൂർത്തീകരിച്ചു വരുന്നു. കൂടാതെ കേടായ ക്ലാരിഫയർ അനുബന്ധ മെക്കാനിക്കൽ ബ്രിഡ്ജുകൾ, ഫ്ളാഷ് മിക്സർ തുടങ്ങിയവയുടെ ലീക്ക്, മററ് കേടുപാടുകൾ എന്നിവ തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കുടിവെള്ള ക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിനായി നെന്മാറ, അയിലൂർ പഞ്ചായത്തുകൾക്കായി പോത്തുണ്ടി കുടിവെള്ള പദ്ധതി എന്ന പേരിൽ ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| (സി) പോത്തുണ്ടി കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ? | (സി) | നിലവിലുള്ള പോത്തുണ്ടി കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിനുവേണ്ടി പോത്തുണ്ടി ഡാം സ്രോതസ്സായി നെന്മാറ അയിലൂർ കുടിവെള്ള പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ടിന് അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ഐ.പി.സി. വിഭാഗം സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ